"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ശാസ്ത്ര സാങ്കേതിക വകുപ്പ് - പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ അന്യത്ര സേവനവ്യവസ്ഥയിൽ ഗാർഡനറായി സേവനം അനുഷ്ഠിക്കുന്ന മ്യൂസിയം മൃഗശാല വകുപ്പിലെ ഗാർഡനർ ശ്രീമതി.രാധികാമ്മയുടെ അന്യത്ര സേവനം 25/06/2021 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3/2022/S&TD തീയതി,തിരുവനന്തപുരം, 11/01/2022

---

പരാമർശം:-
1. സർക്കാർ ഉത്തരവ് (സാധാ) നം.25/2018/ശാ.സാ.വ. തീയതി 14/06/2018.
2. സർക്കാർ ഉത്തരവ് (സാധാ) നം.39/2019/ശാ.സാ.വ. തീയതി 19/08/2019.
3. സർക്കാർ ഉത്തരവ് (സാധാ) നം.35/2020/ശാ.സാ.വ. തീയതി 09/10/2020.
4. 23/07/2021-ലെ മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ എം.ഇസഡ്(എ) 347/2018 നമ്പർ കത്ത്.
5. 26/08/2021-ലെ ജെ.എൻ.റ്റി.ബി.ജി.ആർ.ഐ. രജിസ്ട്രാറുടെ 567/എസ്റ്റാ.2/2019/ജെ.എൻ.റ്റി.ബി.ജി.ആർ.ഐ നമ്പർ കത്ത്.
6. 25/09/2021-ലെ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ KSCSTE/665/2018-C2 നമ്പർ കത്ത്.

**ഉത്തരവ്**

മ്യൂസിയം മൃഗശാല വകുപ്പിൽ ഗാർഡനറായ ശ്രീമതി.രാധികാമ്മ ബി-യെ അന്യത്ര സേവന വ്യവസ്ഥയിൽ, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഗാർഡനർ തസ്തികയിൽ പരാമർശം (1) പ്രകാരം നിയമിച്ചിരുന്നു. ടിയാളുടെ അന്യത്ര സേവന കാലാവധി പരാമർശം (2) പ്രകാരം 25/06/2019 മുതൽ ഒരു വർഷത്തേയ്ക്കും, തുടർന്ന് പരാമർശം (3) പ്രകാരം 25/06/2020 മുതൽ വീണ്ടും ഒരു വർഷത്തേയ്ക്കും കൂടി ദീർഘിപ്പിച്ചിരുന്നു.

2. അന്യത്ര സേവനകാലാവധി 24/06/2021-ൽ അവസാനിച്ചുവെന്നും, ആയതിനാൽ 25/06/2021 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ചു നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്കു ശ്രീമതി. രാധികാമ്മ ബി സമർപ്പിച്ച അപേക്ഷ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറി പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ, പരാമർശം (4) പ്രകാരം, ശ്രീമതി രാധികാമ്മ

ബി ,ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഗാർഡനർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ, ജോലി നോക്കുന്നതിനു ആക്ഷേപമില്ല എന്നറിയിച്ചിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മ്യൂസിയം മൃഗശാല വകുപ്പിൽ ഗാർഡനറായ ശ്രീമതി.രാധികാമ്മ ബി-യുടെ, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഗാർഡനർ തസ്തികയിലെ അന്യത്ര സേവന കാലാവധി, നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ച് 25/06/2021 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രൊഫ.ഡോ.കെ.പി സുധീര്
എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ.

ഡയറക്ടർ, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്.

ഡയറക്ടർ, മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി.രാധികാമ്മ, ഗാർഡനർ, മ്യൂസിയം മൃഗശാല വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ) വകുപ്പ്.

വിവര പൊതുജന സമ്പർക്ക വകുപ്പ് (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ